# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം: പരിശീലനം പൂർത്തിയാക്കിയത് 28000 പേർ

കൊച്ചി: തെങ്ങുകയറ്റ തൊഴിലിനെ യന്ത്രവത്കൃത സംവിധാനമാക്കി ലഘൂകരിച്ച് ന്യൂജനറേഷൻ മാതൃകയിൽ ഗ്രീൻ കോളർ ചങ്ങാതിമാരാക്കി മാറ്റിയ നാളികേര വികസന ബോർഡിന്റെ തെങ്ങിന്റ ചങ്ങാതിക്കൂട്ടം പരിപാടി മൂന്നാംഘട്ടം പിന്നിടുമ്പോൾ ഇന്ത്യയൊട്ടാകെ പരിശീലനം നേടിയവർ 28000 കവിഞ്ഞു. ഇതിൽ 20000 ത്തോളം പേരും കേരളത്തിൽ നിന്നാണ്. ന്യായമായ കൂലിമാത്രം ഈടാക്കി തെങ്ങിന്റ . മണ്ട വൃത്തിയാക്കൽ മുതൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, വിത്തുതേങ്ങ സംഭരണം, തെങ്ങിൻ തൈ നേഴ്സറി പരിപാലനം തുടങ്ങിയ സേവനങ്ങൾ ഇവർ നൽകും.

സംസ്ഥാനത്ത് 5000 തെങ്ങിന്റെ ചങ്ങാതിമാരെ പരിശീലിപ്പിച്ചെടുക്കുക എന്ന ആശയവുമായി 2011 ൽ തുടങ്ങിയ പദ്ധതി കർഷക മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടേയും കൃഷി വിജ്ഞാന കേന്ദ്രങ്ങളുടേയും കൃഷി ഭവനുകളുടേയും സഹകരണത്തോടെയാണ് നടപ്പിലാക്കിയത്. അനേകം പരമ്പരാഗത തെങ്ങുകയറ്റ തൊഴിലാളികളേയും ഈ പരിശീലനത്തിന്റെ ഭാഗമാക്കി തെങ്ങു കയറ്റയന്ത്രം സൗജന്യമായി നൽകി. യന്ത്രസഹായത്തോടെ മണിക്കൂറിൽ 50 മുതൽ 70 വരെ തെങ്ങുകൾ കയറുന്നവരാണേറെയും.

ഏറ്റവും കൂടുതൽ തെങ്ങിന്റെ ചങ്ങാതിമാരെ പരിശീലിപ്പിച്ചത് തിരുവനന്തപുരം (2438 പേരെ) ജില്ലയാണ്. കാസർഗോഡ് -1035, കണ്ണൂർ - 1699, കോഴിക്കോട് - 1823, മലപ്പുറം - 2248, പാലക്കാട്- 2050, തൃശ്ശൂർ - 1285, എറണാകുളം - 1068, ആലപ്പുഴ - 1223, ഇടുക്കി- 1668, കോട്ടയം - 1004, പത്തനംതിട്ട-618, കൊല്ലം -1488 എന്നിങ്ങനെയാണ് മറ്റു ജില്ലകളിലേത്.

ഒരു തെങ്ങിൽ കയറുന്നതിന് ചങ്ങാതിമാർക്ക് ബോർഡ് തുക നിശ്ചയിച്ചിട്ടുണ്ട്. 40 അടി വരെ ഉയരമുള്ള തെങ്ങുകൾക്ക് 20 രൂപയും 40 അടിക്ക് മുകളിൽ ഉയരമുള്ളവയ്ക്ക് 25 രൂപയുമാണ് 2011 ൽ നിജപ്പെടുത്തിയ ചാർജ്ജ്. വളരെ സൂക്ഷ്മതയോടെ തേങ്ങയിടേണ്ട സാഹചര്യങ്ങളിൽ തെങ്ങൊന്നിന് 25 രൂപവരെ നൽകണം. തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും മരുന്നിന്റെ വിലകൂടാതെ 20 വില കൂടി നൽകണം. ചങ്ങാതിമാരുടെ പേരുവിവരങ്ങളും ബന്ധപ്പെടേണ്ട നമ്പറും ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ജില്ലകളിൽ നാളികേര ഉത്പാദക സംഘങ്ങൾ വഴിയും ഇതു ലഭ്യമാണ്.